പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4388 17.05.2017- ൽ മറുപടിയ്ക്ക്**

## അവയവദാനത്തിന് പ്രോത്സാഹനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് അവയവദാന ശസ്ത്രക്രിയകൾ കുറഞ്ഞുവരുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണം; | (എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ വർഷം സംസ്ഥാനത്ത് എത്ര അവയവദാന ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്; | (ബി) പത്തൊൻപത്. |
| (സി) അവയവദാനശസ്ത്രക്രിയ നിരുത്സാഹപ്പെടുത്തുന്നതരത്തിലുള്ള പ്രചരണങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ഇല്ല. എന്നിരുന്നാലും പൊതു സമൂഹത്തിൽ മരണാനന്തര അവയവദാനത്തെകുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും അവയവദാനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി സെമിനാറുകൾ, ശില്പശാലകൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാതാരം പത്മശ്രീ ഡോ.മോഹൻലാലിനെ ഗുഡ് വിൽ അംബാസിഡർ ആയി നിയമിക്കുകയുണ്ടായി. |
| (ഡി) അവയവദാനത്തിന്റെ നടപടി ക്രമങ്ങൾ അവയവ ദാനത്തിന് സന്നദ്ധരായി എത്തുന്നവർക്കും ബന്ധുക്കൾക്കും ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ